(സി) നെടുവത്തൂർ നിയോജകമണ്ഡലത്തിലെ വെളിനെല്ലൂർ പി.എച്ച്.സി.-യിൽ മുന്ന് സ്റ്റാഫ് നേഴ്സിന്റെയും നേഴ്സിംഗ് അസിസ്റ്റന്റ്, ഹോസ്പിറ്റൽ അറ്റൻഡന്റ് ഗ്രേഡ്-2 എന്നിവരുടെ ഓരോ തസ്തിക വീതവും സൃഷ്ടിച്ച് സർക്കാർ ഉത്തരവായിട്ടുണ്ട്.(15-7-2004-ലെ ജി.ഒ.(എം‌എസ്) നം. 152/2004/ആകുവ. പ്രകാരം) പി.എച്ച്.സി. പുയപ്പിള്ളി, എഴുകോൺ-പവിത്രശ്വരം, നെടുമൺകാവ്, എഴുകോൺ (മിനി പി.എച്ച്.സി), വെളിയം പി.എച്ച്.സി. എന്നിവിടങ്ങളിൽ പുതിയ തസ്തികകൾ സൃഷ്ടിക്കുന്ന കാര്യം സർക്കാരിന്റെ സാമ്പത്തിക സ്ഥിതിയനുസരിച്ച് പരിശോധിക്കുന്നതാണ്.

(ഡി) നിലവിലുള്ള മാനദണ്ഡമനുസരിച്ച് ബ്ലോക്ക് ലെവൽ പി.എച്ച്.സി. മുതലുള്ള ആരോഗ്യ സ്ഥാപനങ്ങളിലാണ് ഇപ്പോൾ കിടത്തി ചികിത്സക്കുള്ള സൗകര്യങ്ങൾ ഉള്ളത്. ജി.ആർ.ഡി.-കളിൽ (മിനി പി.എച്ച്.സി.) ഒ.പി. സൗകര്യം മാത്രമാണ് പ്രവർത്തിക്കുന്നത്. (പ്രൈമറി മെഡിക്കൽ കെയർ) നിലവിലുള്ള സാഹചര്യത്തിൽ നെടുവത്തൂർ മണ്ഡലത്തിലെ എല്ലാ സ്ഥാപനങ്ങളിലും കിടത്തി ചികിത്സ ലഭ്യമാക്കാൻ കഴിയുകയില്ല.

സംസ്ഥാനത്തെ വിവിധ ആശുപത്രികളിൽ എത്തിയ രോഗികളുടെ ജില്ല തിരിച്ചുള്ള കണക്കും, ശസ്ത്രക്രിയകളുടെ വർഷം തിരിച്ചുള്ള കണക്കും

130 [2622] ശ്രീ. ഡി. സുഗതൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇക്കഴിഞ്ഞ മുന്ന് വർഷങ്ങളിൽ മെഡിക്കൽ കോളേജ് ആശുപത്രികൾ, ജില്ലാ-താലൂക്ക് ആശുപത്രികൾ, വിമൻ ആന്റ് ചിൽഡ്രൻ, ലെപ്രസി, മനോരോഗം, ടി.ബി., കണ്ണ്, ഇന്റർമീഡിയറി ആശുപത്രികൾ, പി.എച്ച്.സി. എന്നിവിടങ്ങളിൽ ഓരോ ക്ലിനിക്കൽ വിഭാഗത്തിലും എത്തിയ രോഗികളുടെ എണ്ണം ഐ.പി., ഒ.പി., കിടക്കകളുടെ എണ്ണം എന്നിവ ആശുപത്രി/ജില്ല തിരിച്ച് ലഭ്യമാക്കുമോ;

(ബി) അതുപോലെ ഇക്കഴിഞ്ഞ മുന്നു വർഷങ്ങളിൽ മേൽ സ്ഥാപനങ്ങളിൽ നടത്തിയ മേജർ/മൈനർ ശസ്ത്രക്രിയകളുടെ വർഷം തിരിച്ചുള്ള വിവരം ലഭ്യമാക്കുമോ?

ഉത്തരം

(എ ആന്റ് ബി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

മെഡിക്കൽ കോളേജുകളിൽ കൂടുതൽ സൗകര്യം ഉണ്ടാക്കാൻ നടപടി

131 [2623] ശ്രീ. കോവൂർ കുഞ്ഞുമോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ മെഡിക്കൽ കോളേജുകളിലെ സൗകര്യങ്ങൾ വർദ്ധിപ്പിക്കാൻ എന്തെല്ലാം നടപടി സ്വീകരിക്കും എന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) തിരുവനന്തപുരം മെഡിക്കൽ കോളേജിൽ വർദ്ധിച്ചുവരുന്ന സർജറികളുടെ എണ്ണം കണക്കിലെടുത്ത് കൂടുതൽ ഓപ്പറേഷൻ തിയേറ്ററുകളും തിയേറ്ററിന് ആവശ്യമായ ഉപകരണങ്ങളും സജ്ജീകരിക്കാൻ നടപടി സ്വീകരിക്കുമോ;

(സി) മെഡിക്കൽ കോളേജുകളിലെ വിവിധ ടെസ്റ്റുകൾ നടത്തുന്നതിനുള്ള ഉപകരണങ്ങളുടെ കേടുപാടുകൾ തീർക്കാൻ എന്തെല്ലാം നടപടി സ്വീകരിക്കും എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) മെഡിക്കൽ കോളേജുകളിലെ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് ഓരോ വർഷവും ഫണ്ടിന്റെ ലഭ്യതയനുസരിച്ച് നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. മെഡിക്കൽ കോളേജുകളിൽ നടന്നുവരുന്ന നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ച് കൂടുതൽ സൗകര്യങ്ങൾ ലഭ്യമാക്കുകയും, അതുമൂലം കൂടുതൽ കിടക്കകളും ലഭ്യമാക്കുകയും രോഗനിർണ്ണയത്തിനുള്ള ആധുനിക ഉപകരണങ്ങൾ വാങ്ങുക എന്നിവ നടപ്പിലാക്കി വരികയാണ്.

(ബി) നടപടികൾ സ്വീകരിച്ചിട്ടുണ്ട്. നിലവിലുള്ള (എ)-യും (ബി)-യും തീയേറ്ററുകൾ നവീകരിക്കുന്നതോടൊപ്പം അത്യാഹിത വിഭാഗത്തിൽ ഒരു പുതിയ തിയേറ്റർകൂടി സംവിധാനം ചെയ്തിട്ടുണ്ട്. തിയേറ്ററുകളിൽ ആവശ്യമായ ടേബിൾ, ഷാഡോലെസ്സ് ലാംപ് എന്നിവ സജ്ജീകരിച്ചിട്ടുണ്ട്.

(സി) കേടുപാടുകൾ തീർക്കുന്നതിന് ഉപകരണങ്ങൾ വാങ്ങുന്ന സമയത്തു തന്നെ കമ്പനികളുമായി കരാറിലേർപ്പെടുന്നുണ്ട്. കരാറിന്റെ അടിസ്ഥാനത്തിൽ ഈ കമ്പനികൾ കേടുപാടുകൾ അതാത് സമയത്ത് തീർത്തുവരുന്നു.

തിരുവനന്തപുരം മെഡിക്കൽ കോളേജിലെ ഓപ്പറേഷൻ തിയേറ്ററുകൾ

132 [2624] ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ:

„ വർക്കല കഹാർ:

„ കെ. എ. ചന്ദ്രൻ:

„ എം. എ. ചന്ദ്രശേഖരൻ:

ശ്രീമതി രാധാ രാഘവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം മെഡിക്കൽ കോളേജിൽ എത്ര ഓപ്പറേഷൻ തിയേറ്ററുകളാണുള്ളത്;

(ബി) ഇവ തുടങ്ങിയത് എന്നാണ്;

LIBRARY ARCHIVES Kerala Legislative Assembly